പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1062 — 13/06/2013 ൽ മറുപടിയ്ക്ക്

## കേരള ഫ്യൂച്ചർ സ്കൂൾസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. ഷാഫി പറമ്പിൽ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് 'കേരള ഫ്യൂച്ചർ സ്കൂൾസ്' സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) യും (ബി) യും | 12-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലകളിലേയും സർക്കാർ സ്കൂളുകളെ ആധുനീകരിച്ച് അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വിദ്യാഭ്യാസ മേഖലയിൽ ഭരണ പരിഷ്കാരങ്ങൾ ആരംഭിക്കുക, വിദ്യാഭ്യാസ മേഖലയിലെ പുരോഗതി, കലാകായിക വിനോദങ്ങളിലും, വിവര സാങ്കേതിക വിദ്യയിലൂടെയും, പലതരം നൈപുണ്യം വികസിപ്പിച്ചെടുക്കുക വഴി ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ പരിപാടികളാണ് ഉദ്ദേശിക്കുന്നത്. |
| സി) സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ഇതിനായി വിഭവസമാഹരണം നടത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ ? | (സി) | അന്തർദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ആഡിറ്റോറിയം, നന്നായി സജ്ജീകരിച്ച ഭക്ഷണ മുറികൾ, ലൈബ്രറി, എല്ലാ സംവിധാനങ്ങളോടും കൂടിയ ലാബോറട്ടറികൾ (ഐ.ടി യും, ഭാഷാ ലാബുകളും ഉൾപ്പെടെ) കായികം, കളരി, ആർട്ട്സ് മുറികൾ/ഹാളുകൾ ഭക്ഷണ ശാലകൾ കാര്യനിർവ്വഹണത്തിനുള്ള |

കെട്ടിടങ്ങൾ കൂടാതെ ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ബാഡ്മിൻറൺ കോർട്ടുകൾ, കായിക വിനോദങ്ങൾക്കുള്ള കളിസ്ഥലങ്ങൾ, ചുറ്റുമതിലോടുകൂടിയ സ്ഥാന വലിപ്പമുള്ള പ്രവേശനസ്ഥലം, നീന്തൽ കുളങ്ങൾ തുടങ്ങിയവയുടെ ആവശ്യകതയുണ്ട്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ആർ.എം.എസ്.എ., എസ്.എസ്.എ., സീമാറ്റ്, എസ്സ്.ഐ.ഇ.റ്റി, എസ്.സി.ഇ.ആർ.ടി., ഐറ്റി @ സ്കൂൾ തുടങ്ങിയ ഏജൻസികളുടെ സഹകരണം ആവശ്യമാണ്. കൂടാതെ എം.എൽ.എ., എം.പി. ഫണ്ടുകളും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ